ശ്രീ. കെ. എം. മാണി: അതിനു പ്രത്യേക നോട്ടീസ് വേണം.

ശ്രീ. പി. സി. ജോസഫ്: നമ്മുടെ സംസ്ഥാനത്തു 47 നക്സലൈറ്റു കേസ്സുകളാണ് സാങ്കേതിക കാരണങ്ങൾ പറഞ്ഞു കൊണ്ടും തെളിവില്ലാത്തതു കൊണ്ടും വിട്ടതെന്നു പറഞ്ഞു. ഈ നക്സലൈറ്റു കേസ്സുകളിൽ ഭീകര പ്രവർത്തകൻമാരെ ഭയന്നു ശരിയായ തെളിവുകൾ നൽകാൻ സാക്ഷികൾ ബുദ്ധിമുട്ടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ ആക്ഷേപത്തെ സംബന്ധിച്ച് അന്വേഷിച്ച് അതു വാസ്തവമാണെങ്കിൽ നക്സലൈറ്റു പ്രതികളിലുള്ള ഭയം ഒഴിവാക്കാനും സാക്ഷികളെ ധൈര്യപ്പെടുത്തുന്നതിനും വേണ്ട നടപടികൾ ഗവൺമെന്റു കൈക്കൊള്ളാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി: സാധാരണ ചില സന്ദർഭങ്ങളിൽ ഇതുണ്ടാകാറുള്ളതാണ്. പ്രതികളെ ഭയന്നു കൊണ്ട് ചിലപ്പോൾ സാക്ഷികൾ മൊഴി പറയാതിരിക്കുന്നുണ്ട്. പോലീസിന്റെ അടുത്തുവന്നു വേണ്ടത്ര എവിഡൻസ് കൊടുക്കാത്ത സന്ദർഭങ്ങളുമുണ്ട്.

ശ്രീ. പി. കരുണാകരൻ: കുമ്പളം കേസ് പാലക്കാട്ടേക്കു മാറാനുണ്ടായ കാരണങ്ങളെക്കുറിച്ചും അതിൽവന്ന അപാകതകളെക്കുറിച്ചും പാലക്കാട്ടു സെഷൻസ് കോടതിയുടെ വിധിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്. ഇത്തരത്തിലുള്ള അപാകതകൾ വരാതിരിക്കുവാനുള്ള പ്രത്യേക കാരണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതൊന്നുഅന്വേഷിക്കുമോ?

ശ്രീ. കെ. എം. മാണി: ഇക്കാര്യങ്ങളെല്ലാം ഹൈക്കോടതിയുമായി ചർച്ച ചെയ്യുമ്പോൾ പൂർണ്ണമായി ചർച്ച ചെയ്യാവുന്നതാണ്.

പ്രതികളെ പോലീസ് കസ്റ്റഡിയിൽ വയ്ക്കാനുള്ള വ്യവസ്ഥകൾ

* 732 [796] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന പ്രതികളെ എത്ര ദിവസം പോലീസ് കസ്റ്റഡിയിൽ വയ്ക്കാമെന്ന് വല്ല വ്യവസ്ഥകളും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം വ്യവസ്ഥകൾ പോലീസ് ലംഘിച്ചതായി വല്ല പരാതിയും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന പ്രതികളെ സി. ആർ. പി. സി. 57-ാം വകുപ്പനുസരിച്ച് അറസ്റ്റു ചെയ്തു 24 മണിക്കൂറിനകം ബന്ധപ്പെട്ട കോടതിയിൽ ഹാജരാക്കേണ്ടതാണ്.

(ബി) ഇല്ല.

ശ്രീ. സി. വാസുദേവമേനോൻ: ഈ വകുപ്പു പ്രകാരമുള്ള നിബന്ധന ചിറ്റൂർ സർക്കിൾ ഇൻസ്പെക്ടർക്ക് ബാധകമാണോ, അങ്ങനെ ബാധകമാണെങ്കിൽ ഇക്കഴിഞ്ഞ മാസം കർഷകത്തൊഴിലാളി യൂണിയൻ പ്രവർത്തകനായ തെഞ്ഞുണ്ണി എന്ന ആളെ 48 മണിക്കൂർ നേരം കസ്റ്റഡിയിൽ വയ്ക്കുകയും ഈ സഭയിലെ ഒരു മെമ്പറായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ കളക്ടറെ കണ്ടു നിവേദനം നടത്തിയ ശേഷം വിടുകയും ചെയ്തിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കു നേരിട്ടു പെറ്റീഷൻ സമർപ്പിച്ചിട്ടുള്ളതിനെ സംബന്ധിച്ച് വല്ല വിവരവുമുണ്ടോ? അത് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ചിറ്റൂർ സി. ഐ.-ക്കു മാത്രമല്ല ഏതു പോലീസുദ്യോഗസ്ഥനും ഇതു പാലിക്കുവാൻ ബാദ്ധ്യസ്ഥനാണ്.

ശ്രീ. സി. വാസുദേവമേനോൻ: ഇതു സംബന്ധിച്ച പരാതി ശ്രീ. തെഞ്ഞുള്ളി തന്നെ നേരിട്ടയച്ചത് ബഹുമാനപ്പെട്ട മന്ത്രിക്കു ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് അന്വേഷിക്കുമോ? വല്ല നടപടിയും എടുക്കുമോ?

ശ്രീ. കെ. എം. മാണി: ഇങ്ങനെയുള്ള ഒരു പൊതു ചോദ്യത്തിനു ചിറ്റൂർ നിന്നയച്ച ഒരു പരാതിയുടെ സ്റ്റേറ്റ് ചോദിച്ചാൽ പെട്ടെന്നു ഉത്തരം പറയാൻ സാദ്ധ്യമല്ല. പ്രത്യേകമായ ചോദ്യം വേണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സാധാരണ അറസ്റ്റു ചെയ്ത് ഒന്നു രണ്ടു മാസം വരെ കസ്റ്റഡിയിൽ വച്ച് മർദ്ദിച്ചിട്ട് ഹാജരാക്കുന്നതിനു 24 മണിക്കൂറിനു മുൻപ് കസ്റ്റഡിയിൽ എടുത്തു എന്നു രേഖപ്പെടുത്തുകയല്ലേ പതിവ്; ആ ഏർപ്പാട് അവസാനിപ്പിക്കുവാൻ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. എം. മാണി: അങ്ങനെയൊരു പതിവ് ഇപ്പോഴില്ല. പിന്നെ എങ്ങനെയാണ് അവസാനിപ്പിക്കുന്നത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പതിവില്ലെന്നു പറഞ്ഞാൽ ഞങ്ങളെല്ലാം ഈ രാജ്യത്തു ജീവിക്കുന്ന ആളുകളാണ്. എത്ര കേസ്സുകൾ വേണമെങ്കിലും തരാം. അതിനെ സംബന്ധിച്ച് അന്വേഷിക്കുമോ?

ശ്രീ. കെ. എം. മാണി: പതിവും ഒറ്റപ്പെട്ട സംഭവവും തമ്മിൽ വ്യത്യാസമുണ്ട്. പതിവില്ല. എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവമുണ്ടെങ്കിൽ അതു തെറ്റാണ്. തീർച്ചയായും അതിനെതിരായി നടപടി സ്വീകരിക്കും.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: പോലീസ് സ്റ്റേഷനിൽ മാസങ്ങളോളം തന്നെ ആളുകളെ ലോക്കപ്പിൽ വച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു ഒരു വസ്തുതയാണ്. പ്രത്യേകിച്ചും മോഷ്ടാക്കളെയാണ്. ചോദിക്കാനും പറയാനും ആരുമില്ലാത്ത ആളുകളെ ഇങ്ങനെ ലോക്കപ്പിൽ വച്ചു കൊണ്ടിരിക്കുന്ന ഒരു പതിവുണ്ട്. ഇതൊന്നു അവസാനിപ്പിക്കാൻ ഉദ്യോഗസ്ഥൻമാരുടെ സർപ്രൈസ് ചെക്കും മന്ത്രി തന്നെ പോകുമ്പോൾ പോലീസ് സ്റ്റേഷനുകളിൽ കയറി നോക്കാനും ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ബാലകൃഷ്ണ പിള്ള പറഞ്ഞതുപോലെ മാസങ്ങളോളം കിടക്കേണ്ട ദുരുണമായ ഒരു അവസ്ഥ ഉണ്ടായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട ബാലകൃഷ്ണ പിള്ള തന്നെ എന്നെ വിവരം അറിയിക്കേണ്ടതായിരുന്നു. അങ്ങനെയൊരു പ്രശ്നം ഗവൺമെൻറിൻെറ ദൃഷ്ടിയിൽ വന്നിട്ടില്ലാ എന്നു മാത്രമേ എനിക്കു പറയാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly